Administrator & Secretary

Guruvayur - 680 101

Ref. No ........................

Date 18.01.2022

പ്രസിദ്ധീകരണത്തിന്

## ഒമിക്രോൺ ഭീഷണി : ഗുരുവായൂരിൽ ക്ഷേത്രദർശനത്തിനടക്കം അടിയന്തിര ക്രമീകരണം ഏർപ്പെടുത്തി.

**പ്രതിദിനം 3000 പേർക്ക് വെർച്വൽ ക്യൂ വഴി മാത്രം ദർശനം**
**പ്രസാദ ഊട്ടിന് പകരം 1500 പേർക്ക് ഭക്ഷണം പാഴ്സൽ ആയി നൽകും.**
**മേല്പത്തൂർ ഓഡിറ്റോറിയത്തിലെ കലാപരിപാടികൾ മാറ്റിവെച്ചു**

ഒമിക്രോൺ വ്യാപന ഭീഷണിയുടെ പശ്ചാത്തലത്തിൽ നാളെ മുതൽ (ജനുവരി 19 ബുധൻ) ഗുരുവായൂർ ക്ഷേത്രദർശനത്തിനടക്കം അടിയന്തിര ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ദേവസ്വം അറിയിച്ചു. നാളെ മുതൽ വെർച്വൽ ക്യൂ വഴി മാത്രമാകും ദർശനത്തിന് അനുമതി. നിലവിലുള്ള 10000 ഭക്തരുടെ സ്ഥാനത്ത് ഓൺലൈൻ വഴി ബുക്ക് ചെയ്യു 3000 പേർക്ക് മാത്രമാകും പ്രതിദിന ദർശനം.

ആൾക്കൂട്ടം ഒഴിവാക്കണമെന്ന കർശന നിർദ്ദേശമുള്ളതിനാൽ ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നത് നിയന്ത്രിക്കുന്നതിൻെറ ഭാഗമായി ജനുവരി 19 മുതൽ അന്നലക്ഷ്മി ഹാളിൽ പ്രസാദ ഊട്ടിനു പകരം 500 പേർക്ക് പ്രഭാത ഭക്ഷണവും 1000 പേർക്ക് ഉച്ചഭക്ഷണവും പാഴ്സലായി നൽകും. ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ കുഞ്ഞുങ്ങളുടെ ചോറൂൺ നിർത്തി വെച്ചു. ചോറൂൺ ശീട്ടാക്കിയവർക്ക് ചോറൂൺ പ്രസാദ കിറ്റ് നൽകും. കുഞ്ഞുങ്ങളുമായി ക്ഷേത്രത്തിലെത്തുന്നത് ഭക്തർ ഒഴിവാക്കണം. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തുലാഭാരം നടത്താൻ ഭക്തർക്ക് അവസരം ഒരുക്കും. ക്ഷേത്രത്തിൽ നടന്നു വരുന്ന കൃഷ്ണനാട്ടം കളിയും നിർത്തിവെച്ചു. ബുക്ക് ചെയ്യവർക്ക് ഒമിക്രോൺ ഭീഷണി ഒഴിയുന്ന മുറയ്ക്ക് വഴിപാട് നടത്താൻ അവസരം നൽകും.

മേല്പത്തൂർ ഓഡിറ്റോറിയത്തിൽ നാളെ മുതൽ ബുക്ക് ചെയ്തിരുന്ന എല്ലാ കലാപരിപാടികളും ഒഴിവാക്കി. ഓഡിറ്റോറിയം ബുക്ക് ചെയ്തിരുന്നവർക്ക് പരിപാടികൾ നടത്താൻ പിന്നീട് അവസരം നൽകും.

Telephone Nos : STD Code : 0487 - Office : 2556335. 2556346, 2556347 Residence : 2556232 Temple : 2556280 Fax : 2554844
Website : www.guruvayurdevaswom.nic.in E.mail : devaswom.guruvayur@gmail.com